# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *311** — **20/06/2019-ൽ മറുപടിയ്ക്ക്**

## നിപ രോഗവ്യാപനം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, കെ.ജെ. മാക്സി<br>,, കാരാട്ട് റസാഖ്<br>,, പി. ഉണ്ണി | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| എ) മാരകവും അതിശീഘ്ര-വ്യാപനശേഷിയുമുള്ള നിപ വൈറസ് ഒരു വർഷത്തിനിടയിൽ രണ്ടാമതും സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ രോഗവ്യാപനം പൂർണ്ണമായും തടയാൻ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ പ്രവർത്തകരുടെയും ഇടപെടലിന്റെ ഫലമായി സാധ്യമായിട്ടുണ്ടോ; അതീവ ജാഗ്രത തുടരാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) സംസ്ഥാനത്ത് 2019-ൽ ഒരാൾക്ക് നിപ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പ്രസ്തുത രോഗം നിയന്ത്രണ വിധേയമാക്കാൻ തുടക്കത്തിൽ തന്നെ ഊർജ്ജിത പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തിയിരുന്നു. ഇതുവരെയുള്ള റിപ്പോർട്ടുകൾ പ്രകാരം രോഗവ്യാപനം പൂർണ്ണമായും തടയാൻ ആരോഗ്യവകുപ്പിന് സാധിച്ചിട്ടുണ്ട്. എറണാകുളത്ത് നിപ രോഗം സംശയിച്ചപ്പോൾ തന്നെ ആരോഗ്യവകുപ്പ് മന്ത്രിയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉന്നത ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ച് അവിടെ ക്യാമ്പ് ചെയ്ത് രോഗനിരീക്ഷണം, പ്രതിരോധം, നിയന്ത്രണം തുടങ്ങിയവയ്ക്കായി അടിയന്തര നടപടികൾ സ്വീകരിച്ചു. കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. രോഗിയുമായി സമ്പർക്കം ഉണ്ടായവരെ നിരീക്ഷണ വിധേയരാക്കി. എറണാകുളം ഗവ.മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിച്ചു പുതുതായി ആർക്കും ഈ രോഗം സ്ഥിരീകരിച്ചിട്ടില്ല. എങ്കിലും അതീവ ജാഗ്രത തുടരാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) മാരക സാംക്രമിക രോഗങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ഇവ തടയുന്നതിനും രോഗ-നിരീക്ഷണത്തിനും പ്രതിരോധത്തിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായുള്ള സമിതിയുടെ പ്രവർത്തനം അറിയിക്കാമോ; | ബി) ഉണ്ട്.<br>രോഗനിരീക്ഷണത്തിനും പ്രതിരോധത്തിനുമായി സംയോജിത രോഗനിരീക്ഷണ പരിപാടി (ഐ.ഡി.എസ്.പി) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇത് വിവിധ പകർച്ചവ്യാധികൾ യഥാസമയം റിപ്പോർട്ട് ചെയ്യാനും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുവാനുള്ള അപകട സൂചനകൾ മനസ്സിലാക്കി യഥാസമയം പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനും |

സൗകര്യം ഒരുക്കുന്നു. ഇതുപോലെ ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടി വഴി പ്രാണിജന്യ രോഗങ്ങൾക്കെതിരെയും സി.ഡി.ഡി.ഒ.ആർ.ടി പ്രോഗ്രാം വഴി ജലജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ നിയന്ത്രിക്കുവാനും സാധ്യമാകുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് വർഷം തോറും ആരോഗ്യജാഗ്രത എന്ന പരിപാടിയും നടപ്പിലാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ വാർഡ്തലം മുതൽ സംസ്ഥാനതലം വരെ ഏകോപിപ്പിക്കുവാനും അവലോകനം ചെയ്യാനും വിവിധതലങ്ങളിലെ സമിതികൾ സഹായിക്കുന്നു.

**സി)** പൊതുജനാരോഗ്യ മേഖലയിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനത്ത് കൂടുതൽ മികവ് കൈവരിക്കാൻ എയിംസ് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്രത്തിന്റെ നിഷേധാത്മക നിലപാട് തിരുത്താൻ ആവശ്യപ്പെടുമോ?

**സി)** സംസ്ഥാനത്ത് എയിംസ് ലഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടത്തി വരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**